**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2** **16-09-2025 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ സൃഷ്ടിച്ച പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും പ്രകടന പത്രികയിൽ വ്യക്തമാക്കിയിരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാരിന് എത്രമാത്രം മുന്നോട്ട് പോകാനായി എന്ന് വിശദമാക്കാമോ? | (എ) | കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഉപാധിരഹിത ഗ്രാന്റുകൾ (അനുച്ഛേദം 275) നിർത്തലാക്കിയതും 15-ാം ധനകാര്യ കമ്മീഷൻ ശിപാർശയിൽ കേരളത്തിന്റെ നികുതി വിഹിതം 2.5 ശതമാനത്തിൽ നിന്നും 1.92 ശതമാനമായി കുറഞ്ഞതും സംസ്ഥാനത്തിന്റെ കമ്പോള വായ്പാ പരിധിയിൽ കേന്ദ്രം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതി ഗ്രാന്റുകൾ ലഭ്യമാക്കുന്നതിലെ കുടിശ്ശിക, ബ്രാന്റിംഗ് ഉൾപ്പെടെയുള്ള നിബന്ധനകൾ എന്നിവ പൊതു ധനകാര്യ മേഖലയിൽ ഞെരുക്കം സൃഷ്ടിച്ചപ്പോഴും തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകൾ ക്രമീകരിച്ചും സർക്കാർ ജനപക്ഷ ബദൽ നയങ്ങൾ നടപ്പിലാക്കിവരികയാണ്. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ മുന്നോട്ടുവച്ച 900 വാഗ്ദാനങ്ങളിൽ 870 എണ്ണം നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വികസനക്ഷേമ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് എല്ലാ വർഷവും സർക്കാർ ജനസമക്ഷം സമർപ്പിക്കുന്നു. അവയിൽ പ്രധാന വിഷയങ്ങൾ താഴെ പറയുന്നു:<br><br>(എ). ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതിയിലൂടെ 4,62,412 വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. 1,29,289 വീടുകൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>(ബി). 62 ലക്ഷം ഗുണഭോക്താക്കൾക്കുള്ള സാമൂഹ്യ ക്ഷേമ പെൻഷൻ എല്ലാ മാസവും കൃത്യമായി വിതരണം ചെയ്തുവരുന്നു.<br><br>(സി). പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി, റീബിൽഡ് കേരള ഇനീഷ്യേറ്റീവ്, കെ.എസ്.ടി.പി, അമ്പിറ്റി സ്കീമുകൾ അടക്കം ഈ സർക്കാർ അധികാരത്തിൽ |

വന്നശേഷം 17668.61 കോടി രൂപയുടെ റോഡ്, പാലം പ്രവൃത്തികൾക്ക് ഭരണാനുമതി/കിഫ്ബി ധനസഹായത്തോടെ സാമ്പത്തികാനുമതി നൽകിയതിൽ 88.4 ശതമാനം പണി പൂർത്തീകരിച്ചു. ദേശീയപാത 66-ന്റെ പ്രവൃത്തി 7 സ്ട്രെച്ചുകളിൽ പൂർത്തിയായി. 19 സ്ട്രെച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റിയ്ക്ക് 5580.74 കോടി രൂപ സംസ്ഥാന വിഹിതമായി കൈമാറി. ദേശീയപാത 85-ന്റെ വികസന പ്രവൃത്തിയും ദേശീയപാത 966ന്റെ ഭൂമി ഏറ്റെടുക്കലും പുരോഗമിക്കുന്നു. മലയോര ഹൈവേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. 1288 കോടി രൂപ ചെലവഴിച്ചു.

(ഡി). കഴിഞ്ഞ 3 വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി സർവ്വകലാശാലകളുടെ NAAC, NIRF വിലയിരുത്തലുകളിൽ മികച്ച മുന്നേറ്റമുണ്ടായി. മികച്ച സ്റ്റേറ്റ് പബ്ലിക് യൂണിവേഴ്സിറ്റികളുടെ ലിസ്റ്റിൽ കേരള സർവ്വകലാശാല 9-ാം റാങ്കും കുസാറ്റ് 10-ാം റാങ്കും മഹാത്മാഗാന്ധി സർവ്വകലാശാല 11-ാംറാങ്കും കരസ്ഥമാക്കി.

(ഇ). ആരോഗ്യ മേഖലയിൽ ആരോഗ്യകേന്ദ്ര ങ്ങളുടെ അടിസ്ഥാന സാകര്യ വികസന രംഗത്ത് അഭൂതപൂർവ്വമായ മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ കേന്ദ്രങ്ങൾ, താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികൾ, ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായം ഉപയോഗപ്പെടുത്തി 15000 കോടിയിലധികം രൂപയുടെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.

(എഫ്). മത്സ്യതൊഴിലാളികളുടെ പുനരധിവാസ ത്തിനായി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ബീമാപള്ളിയിൽ 20 ഫ്ലാറ്റുകളും പൊന്നാനിയിൽ 128 ഫ്ലാറ്റുകളും നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 482 വ്യക്തിഗത ഫ്ലാറ്റുകളും പൂർത്തീകരിച്ച് കൈമാറി. ആലപ്പുഴ ജില്ലയിൽ 80 ഫ്ലാറ്റുകളുടെയുംകോഴിക്കോട് ജില്ലയിൽ 80 ഫ്ലാറ്റുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു.

(ജി). ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ സമഗ്രമേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്ന നടപടിയുടെ ഭാഗമായി കൂടുതൽ

| | | | |
|---|---|---|---|
| | | | കണക്ഷനുകൾ നൽകി എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് സേവനം ഉറപ്പ വരുത്തി കെ-ഫോൺ പദ്ധതി മുന്നോട്ട് കൊണ്ടു പോകുന്നു. ആകെ 1,19,910 കണക്ഷനുകളാണ് കെ-ഫോൺ മുഖേന ഇതുവരെ നൽകിയിരിക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ കെ-ഫോൺ മുഖേന നൽകിവരുന്നുണ്ട്. നിലവിൽ 14,194 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ